**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 223** **07-10-2025 - ൽ മറുപടിയ്ക്ക്**

**ജലസേചന പദ്ധതികളുടെ സെൻസസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജലസേചന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിൽ ചെറുകിട ജലസേചന പദ്ധതികളുടെ പ്രാധാന്യമെന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ജലസേചന പദ്ധതികളെ സാധാരണയായി അവയുടെ കൃഷിയോഗ്യമായ കമാൻഡ് ഏരിയ അടിസ്ഥാനമാക്കി മേജർ, മീഡിയം, മൈനർ എന്നിങ്ങനെ തരം തിരിക്കുന്നു. ചെറുകിട ജലസേചന പദ്ധതികൾ (ടാങ്കുകൾ, ചെക്ക് ഡാമുകൾ, ലിഫ്റ്റ് ഇറിഗേഷൻ എന്നിവ) സാധാരണയായി 2,000 ഹെക്ടറിൽ താഴെ ജലസേചനം ഉറപ്പാക്കുന്നതിനാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ ജലലഭ്യത കുറവുള്ള സ്ഥലങ്ങളിൽ വിവിധയിനം കൃഷികൾക്ക് ജലസേചന സൗകര്യം ഒരുക്കുന്നത് പ്രധാനമായും ചെറുകിട ജലസേചന പദ്ധതികൾ മുഖാന്തിരമാണ്. വൻകിട ജലസേചന പദ്ധതികൾ വഴി സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും ജലസേചനമെത്തിക്കാൻ സാധിക്കുകയില്ല. ചെറുകിട ജലസേചന പദ്ധതികൾ എല്ലാ പ്രദേശങ്ങളിലും നടപ്പിലാക്കാനും, പ്രാദേശിക തലത്തിലെ ആവശ്യങ്ങൾക്കനുസരിച്ച് ആസൂത്രണം ചെയ്യാനും, വളരെ ചെലവ് കുറഞ്ഞ രീതിയിൽ ആവിഷ്കരിക്കാനും, വളരെ വേഗത്തിൽ നടപ്പിലാക്കുന്നതുമൂലം കർഷകർക്ക് വേഗത്തിൽ ഗുണഫലം ലഭിക്കുകയും ചെയ്യുന്നു. ചെറുകിട ജലസേചന പദ്ധതികളുടെ വാർഷിക പരിപാലനത്തിന് വിദഗ്ധ തൊഴിലാളികളുടെ ആവശ്യം വരുന്നില്ല എന്നതും ഇവയുടെ ഒരു മേന്മയാണ്. എല്ലാ പുഴകളിലും തോടുകളിലും വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നതു കൊണ്ടുതന്നെ ചെറിയ പുഴകളും തോടുകളും ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന ജലസേചന പദ്ധതികളാണ് ജലക്ഷാമം പരിഹരിക്കുന്നതിന് ഉപയുക്തമാകുന്നത്. ചെറുകിട ജലസേചന പദ്ധതികൾ വഴി, കാർഷികാവശ്യങ്ങൾക്ക് ജലലഭ്യത |

| | | | |
|---|---|---|---|
| | | | **ഉറപ്പാക്കുന്നതിനും വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും വേനൽക്കാലത്തെ വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനായി അരുവികൾ, പുഴകൾ എന്നിവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും, ഭൂഗർഭ ജലവിതാനം വർദ്ധിപ്പിക്കുന്നതിനും സഹായകമാകുന്നു.** |
| (ബി) | വൻകിട, ഇടത്തരം ജലസേചന പദ്ധതികളുടെ പ്രാഥമിക സെൻസസ് പൂർത്തിയാക്കിയിട്ടുണ്ടോ; ഈ സെൻസസിന്റെ ലക്ഷ്യം വിശദമാക്കാമോ; | (ബി) | **വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ സെൻസസ് കേരളത്തിൽ പൂർത്തിയായിട്ടില്ല. 2025 ജനുവരി മാസം മുതൽ കേരളത്തിൽ സെൻസസ് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജലസേചന പദ്ധതികളുടെ ഫലപ്രദമായ ആസൂത്രണം, നയരൂപീകരണം, മാനേജ്മെന്റ് എന്നിവയ്ക്കായി സമഗ്രവും വിശ്വസനീയവുമായ ഒരു ദേശീയതല ജലസേചന പദ്ധതികളുടെ ഡാറ്റാ ബേസ് വികസിപ്പിക്കുക എന്നതാണ് മേജർ-മീഡിയം ഇറിഗേഷൻ സെൻസസിന്റെ ലക്ഷ്യം.** |
| (സി) | പ്രസ്തുത സെൻസസിൽ എന്തൊക്കെ വിവരങ്ങളാണ് ശേഖരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | **ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങളാണ് വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ സെൻസസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**<br><br>**1) പദ്ധതിയുടെ പേര്**<br><br>**2) പദ്ധതി സ്ഥിതി ചെയ്യുന്ന സംസ്ഥാനം**<br><br>**3) a)പദ്ധതിയുടെ ഗുണം ലഭിക്കുന്ന ജില്ലകളുടെ എണ്ണം**<br><br>**b) പദ്ധതിയുടെ ഗുണം ലഭിക്കുന്ന ജില്ലകളുടെ പേര്**<br><br>**4) ഉൾക്കൊള്ളുന്ന നദീതടത്തിന്റെ പേര്**<br><br>**5) പദ്ധതിയുടെ സ്വഭാവം (വൻകിട /ഇടത്തരം/ മൈനർ)**<br><br>**6) പദ്ധതിയുടെ ആകെ ആയക്കെട്ട് (ഗ്രോസ് കമാൻഡ് ഏരിയ)**<br><br>**7) പദ്ധതിയിലൂടെ കൃഷിയ്ക്ക് ഉപയോഗിക്കുന്ന ആകെ ആയക്കെട്ട് (കൾട്ടിവബിൾ കമാൻഡ് ഏരിയ)**<br><br>**8) പദ്ധതി ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു.**<br><br>**9) അന്തർസംസ്ഥാന പദ്ധതി ആണോ?**<br><br>**ആണ് എങ്കിൽ മറ്റ് സംസ്ഥാനങ്ങളുടെ പേരുകൾ**<br><br>**10)നദീതടം മാറി വരുന്നുണ്ടോ?(ഇന്റർബെയിസിൻ ട്രാൻസ്ഫർ)**<br><br>**ഉണ്ട് എങ്കിൽ നദീതടങ്ങളുടെ പേരുകൾ** |

11) പദ്ധതി ഏത് വിഭാഗത്തിൽ (Storage/ weir/ Diversion)

12) പദ്ധതി ആരുടെ (അധീനതയിലാണ്) ഉടമസ്ഥതയിലാണ്.

13) പൈപ്പ് ഉപയോഗിച്ചുള്ള ഇറിഗേഷൻ നടത്തുന്ന ആയക്കെട്ട്

14) പരമാവധി ഇറിഗേഷൻ ഉപയോഗപ്പെടുത്തുന്ന ആയക്കെട്ട് (അൾട്ടിമേറ്റ് ഇറിഗേഷൻ പൊട്ടൻഷ്യൽ) ഹെക്ടറിൽ

15) ഓരോ സീസണിലും ഉണ്ടാകുന്ന ഇറിഗേഷൻ പൊട്ടൻഷ്യൽ, ഹെക്ടറിൽ

16) ഓരോ സീസണിലും ഉപയോഗിക്കുന്ന ഇറിഗേഷൻ പൊട്ടൻഷ്യൽ, ഹെക്ടറിൽ

17) ആയക്കെട്ട് ഏരിയയിൽ നിലവിലുള്ള വിളകളുടെ വിവരങ്ങൾ, ഹെക്ടറിൽ

18) ആനുകൂല്യം ലഭിച്ച വില്ലേജുകളുടെ വിവരം

19) ആനുകൂല്യം ലഭിക്കുന്ന ജനങ്ങളുടെ വിവരം, എണ്ണം.

പുരുഷൻ, സ്ത്രീ, ട്രാൻസ്ജെന്റർ, പട്ടികജാതി, പട്ടികവർഗ്ഗം, പൊതുവിഭാഗം മുതലായവ

20) ആയക്കെട്ട് ഉൾപ്പെടുന്ന പ്രദേശം, വരൾച്ചബാധിതം, മരുഭൂമിയാകാൻ സാധ്യതയുള്ളത് എന്നിങ്ങനെയുള്ള വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഏരിയകളുടെ വിവരം ഹെക്ടറിൽ

21) പദ്ധതി അനുമതി സംബന്ധിച്ച് (അപ്രൂവൽ സ്റ്റാറ്റസ്)

22) പരിസ്ഥിതി/ വനം/ ആദിവാസി/ NBWL അനുമതി സംബന്ധിച്ച്

23) പദ്ധതിയുടെ നിലവിലെ സ്ഥിതി (പൂർത്തീകരിച്ചോ/ ഭാഗികം) പദ്ധതിയുടെ ചെലവും നിർമ്മാണ പുരോഗതിയും

24) പദ്ധതിയുടെ രൂപകല്പനാ വിവരങ്ങൾ, ഡാമിന്റെ തരം, ഡാമിന്റെ നിർമ്മാണം, ഡാമിന്റെ ലക്ഷ്യങ്ങൾ, സ്റ്റോറേജ് കപ്പാസിറ്റി, ഉയരം തുടങ്ങിയവ

25) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ/ ലിഫ്റ്റ് ഇറിഗേഷൻ ഘടകമായുള്ള പദ്ധതി

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെടുത്തിയിട്ടുണ്ടോ ആയത് സംബന്ധിച്ച വിവരങ്ങൾ<br><br>26) വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ജലത്തിന്റെ അളവുകൾ (MCM) പദ്ധതി വിഭാവനം ചെയ്തതും നിലവിലുള്ളതും<br><br>27) ERM ലൂടെ പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന വിവരങ്ങൾ<br><br>28) മറ്റുള്ള ഏതെങ്കിലും പദ്ധതിയുടെ ആയക്കെട്ട് കടന്ന് വരുന്നുണ്ടോ, വിവരങ്ങൾ.<br><br>29) നടപ്പ വർഷത്തിൽ, അറ്റകുറ്റ പണികൾക്കായുള്ള തുക<br><br>30) വിശദമായ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിരുന്ന ഇറിഗേഷൻ രീതി<br><br>31) മൈക്രോ ഇറിഗേഷൻ/ സ്പ്രിംഗ്ളർ ഇറിഗേഷനിൽ കൂടി ഇറിഗേഷൻ നടപ്പിലാക്കുന്ന ഏരിയ ഹെക്ടറിൽ<br><br>32) കമാന്റ് ഏരിയ ഡവലപ്മെന്റ് (CAD) നടപ്പിലാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ.<br><br>33) വാട്ടർ യൂസേഴ്സ് അസോസിയേഷൻ രൂപീകരിച്ചിട്ടുണ്ടോയെന്ന വിവരം.<br><br>34) GIS ബെയ്സ്ഡ് ഇൻഡക്സ് മാപ്പ് ഉൾപ്പെടുത്തണം<br><br>35) പ്രോജക്ടിന്റെ ഫോട്ടോഗ്രാഫ് ഉൾപ്പെടുത്തണം |

സെക്ഷൻ ഓഫീസർ